കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - 2017 ലെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2017 ന ശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ വാങ്ങി അഖിലേന്ത്യാ/സംസ്ഥാന മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയവരെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ഇവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം:2188/2017/ഉ.വി.വ തീയതി, തിരുവനന്തപുരം, 30.11.2017**

പരാമർശം: 1. 04.01.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.07/2017/ഉ.വി.വ.

2.12.01.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.54/2017/ഉ.വി.വ.

3. പ്രവേശനപരീക്ഷാ കമ്മീഷണറുടെ 10.10.2017 ലെ റ്റി.എ 1 – 4320/17/സി.ഇ.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1), (2) എന്നിവയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം, 2016 വിദ്യാഭ്യാസ വർഷം, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2016 ന ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ഇവർ അടച്ച ട്യൂഷൻഫീസ് തിരികെ ലഭ്യമാക്കുന്നതിന് പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം, 2017 വിദ്യാഭ്യാസ വർഷത്തിൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ വാങ്ങി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിച്ച പല വിദ്യാർത്ഥികളും തങ്ങളെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും തങ്ങൾ അടച്ച ട്യൂഷൻഫീസ് തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം പരിഗണിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (3) പ്രകാരം പ്രവേശനപരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ 2017 ലെ പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ടമെന്റ് പ്രകാരം പ്രവേശന നടപടികൾ പൂർത്തിയാക്കിയ 15.08.2017-ന ശേഷം സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ വാങ്ങി അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ്

പ്രകാരം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ KEAM 2017 പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം അടയ്ക്കുവാൻ ബാധ്യസ്ഥമായ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ഇവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ജയിംസ് രാജ്**
**ജോയിന്റ് സെക്രട്ടറി**

പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സാങ്കേതിക സർവ്വകലാശാല, തിരുവനന്തപുരം.
ഡയറക്ടർ, സി.സി.ഇ.കെ, ചാരച്ചിറ, കവടിയാർ പി.ഒ, തിരുവനന്തപുരം - 03.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി,
തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ,
തിരുവനന്തപുരം.
പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,
തിരുവനന്തപുരം.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ